**File No.GEDN-G1/59/2018-G.EDN**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - എസ് എസ് എൽ സി പരീക്ഷ മാർച്ച് 2019-ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ജനുവരി 30 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.241/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 21/01/2019

---

പരാമർശം:- 1 എം.എച്ച്.ആർ.ഡി. വിജ്ഞാപനം എസ്.ഒ.76(ഇ), തീയതി 04.01.2018

2 സർക്കാർ ഉത്തരവ് (കൈ) നം.63/2018/പൊവിവ, തീയതി 15.05.2018

3 സർക്കാർ ഉത്തരവ് (സാധാ) നം.5389/18/പൊവിവ, തീയതി 21.12.2018

4 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.01.2019 ലെ ഐ.ഇ.ഡി./40000/18/ഡി.പി.ഐ നമ്പർ പരിപത്രം

5 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.01.2019 ലെ ഐ.ഇ.ഡി./40000/18/ഡി.പി.ഐ നമ്പർ കത്ത്

<u>ഉത്തരവ്</u>

ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പരീക്ഷാനുകൂല്യം ദുരുപയോഗം ചെയ്യുന്നത് തടയുന്നതു സംബന്ധിച്ച് പരാമർശം (2) പ്രകാരവും, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരീക്ഷാനുകൂല്യം ലഭിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് 2019 ജനുവരി 10 വരെ സമയം അനുവദിച്ചു കൊണ്ട് പരാമർശം (3) പ്രകാരവും ഉത്തരവായിരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷാനുകൂല്യം ലഭിക്കുന്നതിന് സൂചന (1) പ്രകാരമുള്ള പുതുക്കിയ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള സാക്ഷ്യപത്രങ്ങൾ കൂടി പരീക്ഷാനുകൂല്യത്തിന് പരിഗണിക്കാവുന്നതാണെന്നും, അതുപ്രകാരം തയ്യാറാക്കിയ സൂചന (4) പ്രകാരമുള്ള പരിപത്രം അംഗീകരിച്ചു നൽകണമെന്നും, അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി ജനുവരി 30 വരെ ദീർഘിപ്പിച്ചു നൽകണമെന്നും സൂചന (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരമുള്ള പരിപത്രം അംഗീകരിച്ചു കൊണ്ടും, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരീക്ഷാനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് 2019 ജനുവരി 30 വരെ സമയം അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

പൃഷ്ഠാങ്കനം നമ്പർ ക്യുഇഐപി/40000/18 ഡിപിഐ.

തീയതി 24.01.2019.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി അയച്ചു നൽകുന്നു.

[signature]

പൊ.വി. ഡയറക്ടർക്കു വേണ്ടി

പകർപ്പ്.

1. എല്ലാ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

നം.ഐ.ഇ.ഡി/40000/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 04/01/2019

## പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം - എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2019 - സവിശേഷ സഹായം ആവശ്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി പരീക്ഷാനുകൂല്യം നൽകുന്നത് സംബന്ധിച്ച് - പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1) ഉ.നം.ഐ.ഇ.ഡി/40000/18/ഡി.പി.ഐ തീയതി 25.10.2018.
2) എം.എച്ച്.ആർ.ഡി വിജ്ഞാപനം എസ്.ഒ.76(ഇ) തീയതി 04.01.2018.

*****

മേൽ സൂചന (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2019 ൽ സവിശേഷ സഹായം ആവശ്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി പരീക്ഷാനുകൂല്യം നൽകുന്നത് സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ടി നിർദ്ദേശങ്ങൾ നിലനിൽക്കുന്നതോടൊപ്പം സൂചന (2) പ്രകാരം ആർ.പി.ഡബ്ല്യു.ഡി. ആക്ട് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എം.എച്ച്.ആർ.ഡി. പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള സാക്ഷ്യ പത്രങ്ങൾ കൂടി പരീക്ഷാനുകൂല്യത്തിന് പരിഗണിക്കുന്നതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. സെക്രട്ടറി, പരീക്ഷാ ഭവൻ.
3. എല്ലാ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും (ഡി.ഇ.ഒ മുഖേന).
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ. (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഓഫീസ് കോപ്പി.

വി.സി.